ഒന്നിൽ നിന്നും പൂജ്യത്തിലേക്കുള്ള ദൂരം

1

അന്ന് ആ മുറിയിൽ വന്നവരിൽ ഒരാൾ വിഷാദിയും മറ്റൊരാൾ ഉല്ലാസിയുമായി കാണപ്പെട്ടു.വിഷാദിയും ഉല്ലാസിയും മദ്യപിച്ചു. അവർ ലെൻസുവെച്ച തങ്ങളുടേതായ കണ്ണടകളിൽക്കൂടി ജീവിതത്തെ കാണുകയുംവർണിക്കുകയും താറടിക്കുകയും ചെയ്തു കൊണ്ടിരുന്നു.വിഷാദിക്ക് മദ്യത്തിൽ മരണവും ,ഉല്ലാസിക്ക് ജീവിതം ലഹരിയും മദ്യവുമായി തോന്നിയിരുന്നു.വിഷാദി ഭൂമണ്ഡലത്തിലെ പട്ടിണിപ്പാവങ്ങളെ കുറിച്ചോർത്തു ദണ്ണിക്കുകയും മാംസക്കാലുകൾ കടിച്ചു വലിക്കുകയും ,പട്ടിണി മാറാതെ ഏംപക്കം വിടുകയു ചെയ്തു. ഇതു കണ്ട ഉല്ലാസി എല്ലാം ശരിയാകുമെന്നും നല്ലതുവരുമെന്നും ഇടയ്ക്കിടെ പറഞ്ഞു കൊണ്ടിരുന്നു.അവർ ഇരുവരും ഛർദ്ദിക്കുകയും അതിന് ഒരേ ദുർഗന്ധവുമായിരുന്നു എന്ന് അവർക്ക് മനസ്സിലായില്ല.

ഓടിത്തളർന്ന ചന്ദ്രനും ; വാടിത്തളർന്ന രാത്രിയും

വിഷാദിയോടൊപ്പം അന്തിയുറങ്ങിയപ്പോൾ. ഉല്ലാസിയായ താടിക്കാരൻ യുവാവിന് വല്ലാത്ത ഒരു ദാഹം തോന്നുകയും അതിനായി മാംസം വിറ്റ് മാംസം വാങ്ങുന്ന യുവതികളായ എസ്കോർട്ടുകളെ മാറി മാറി വിളിക്കുകയും ചെയ്തു.

കുറേ നേരം.....അധികം പ്രായമാകാത്ത കറുത്ത മുടിയുള്ള രാത്രി അശാന്തമായി എന്തക്കയോ പറയുകയും പിറുപിറുക്കുകയും ചെയ്തു.മുറിയുടെ മൂലയിയിരുന്ന ചീവിടുകൾ അതിന് ആമേൻ പറഞ്ഞു.കട്ടിലിന്റെ കാൽക്കൽക്കിടന്ന വിഷാദി അബോധത്തിൽ പ്രപഞ്ച സത്യങ്ങളുമായി സന്ധിയില്ലാ ചർച്ചയിലായിരുന്നു.

ഏതോ ഒരു കിടക്കയിൽ നിന്നും തിരക്കൊഴിഞ്ഞ ഒരു സ്തൂല നിതംബിനി ക്ഷീണിതയായി വന്നു.അവൾ കുളിമുറിയിൽ കയറി വേഷം മാറുകയും കരിമ്പനടിച്ച ബ്രാ ഊരി ഉല്ലാസി യിൽ നിന്നും ഒളിപ്പിക്കുകയും ചെയ്തു.വിഷാദിയെത്തട്ടിമാറ്റി ഉല്ലാസി വിയർപ്പു കലർന്ന ഷർട്ട് ഊരി എറിയുകയും അവളെ മുറുകെപ്പുണരുകയും ചെയ്തു. അവർ ഇരുളിന്റെ കരിമ്പടം പുതച്ചു.വർദ്ധിച്ചു വരുന്ന ശ്വാസത്തിന് അടിമകളായി അവർ ആദ്യം ചിരിക്കുകയും പിന്നെ കുറുകുകയും പിന്നെ നിഘണ്ടുവിലില്ലാത്ത ശബ്ദതരംഗിണികൾ പാടുകയും താളം പിടിക്കുകയും

ചെയ്തു. അവളുടെ ശരീരത്തെ കാർന്നുതിന്നിരുന്ന കരിമ്പൻ ഉൻമാദിയുടെ ശരീരത്തിൽ പടർന്നു പിടിച്ചു കൊണ്ടിരുന്നു.

രാത്രിക്കും നരാജരകൾ ബാധിച്ചു തുടങ്ങിയിരുന്നു. ജീവാണുക്കൾ ജലം കിട്ടാതെ മരിക്കുകയും ഉയർത്തെണീക്കുകയും ചെയ്തു.... പകൽ വെട്ടം ജനാലക്കിടയിലൂടെ മുറിയിലേയ്ക്ക് കയറാൻ ശ്രമിച്ചുകൊണ്ടിരുന്നു. പ്രണയം വറ്റിവരണ്ട അവളോടൊപ്പം ഉല്ലാസിയും പോയിരുന്നു.

ഉറക്കം തെളിഞ്ഞ വിഷാദി ജലത്തിനായ് തപ്പി ,കിട്ടിയില്ല. ഉല്ലാസി വിഷാദിയുടെ പേഴ്സ് അവൾക്ക് കൊടുത്തിരുന്നു.കാലിക്കീശയുമായി വിഷാദി കണ്ണാടിയിൽ നോക്കി നിൽക്കുകയും പുലഭ്യം പറയുകയും ചെയ്തു. സാധാരണക്കാരനായി വിഷാദിയും മുറി കാലിയാക്കി.

2

മുറിയുടെ മൂലയിൽ ചപ്പ് കൂട്ടി കുടയിലാക്കി. കിടക്കയിൽ പുതിയ വിരി വന്നു. കാലിയായ കുപ്പികളിൽ വെള്ളം നിറഞ്ഞു. ഒരു വൃദ്ധനും ഭാര്യയും പെട്ടിയുമായി വന്നു. നൂറു രൂപ ടിപ്പ് കൊടുത്ത് അവർ സന്തോഷം പങ്കുവെച്ചു .സന്തോഷങ്ങളുടെ

വാതിലടഞ്ഞു പൊടുന്നനെ അവർ ചിരിയുടെ മുഖം മൂടി അഴിക്കുകയും സ്ഥായിയായ ദു:ഖ ഭാവം അണിയുകയും ചെയ്തു.അവർ പരസ്പരം നോക്കുകയും ഇടയ്ക്കിടെനെടുവീർപ്പിടുകയും ചെയ്തു. വൃദ്ധന്റെ നെടുവീർപ്പുകൾ എഴുത്തായി മാറുകയും വൃദ്ധ ആ എഴുത്ത് ഉറക്കെ വായിക്കുകയും കണ്ണു തുടക്കുകയും ചെയ്തു. അവർ പരസ്പരം ക്ഷമ പറയുകയും കണ്ണീരു തുടക്കുകയും ചെയ്തു കൊണ്ട് ഒരു കുപ്പിയിലെ ദ്രാവകം രണ്ടായി കുടിച്ചു. മിനിട്ടുകൾ ജനാലയിൽ കൂടി അവർ ദൂരേയ്ക്ക് നോക്കി നിൽക്കുകയും പ്രാവുകളായി വേഷം മാറി യാത്രയാവുകയും ചെയ്തു. പിറ്റേന്ന് ചൂലുമായി വന്ന ടിപ്പിന്റെ ഉടമ പോലീസിനെ വിളിക്കുകയും അവർ പ്രേത പരിശോധന നടത്തി മടങ്ങുകയും ചെയ്തു. മുല്ലപ്പൂവിന്റ ഗന്ധമുള്ള വാസനതൈലം മുറിയിൽ തളിച്ച് ശുദ്ധി വരുത്തി. ചന്ദനത്തിരി കത്തിച്ച് കുറച്ചു നാളുകൾ. ജനാലയ്ക്കൽ കുറുകിയിരുന്ന രണ്ടു പ്രാവുകൾ എങ്ങോട്ടോ പറന്നു പോയി.രണ്ടു ജീവന്റെ വില കീശയിലൊതുങ്ങി നീതി പീഠംപുഞ്ചിരിച്ചു.

3

ചാവ് ഗന്ധം മാറിയ മുറിയിൽ പുതിയതായി ഒരു മേശയും കസേരയും ഇടം പിടിച്ചിരുന്നു. അവരുടെ

കൂടെ ഒരു ചുരുണ്ട മുടിക്കാരനും വന്നിരുന്നു. അയാൾ ഭാരിച്ച പുസ്തകങ്ങൾ നോക്കുകയും ഭീകരമായി ചിന്തിക്കുകയും എഴുതുകയും ചെയ്തിരുന്നു. അയാളെക്കാണാൻ എന്നും ആളുകൾ വന്നിരുന്നു.അവർ ഒരുമിച്ച് ചിരിക്കുകയും അയാളുടെ കഥകളെ പുകഴ്ത്തുകയും ചെയ്തു. അയാൾ ജലപാനമില്ലാതെ എഴുതുയു o വിശപ്പോടെ ചിന്തിക്കുകയും ചെയ്തിരുന്നു. അയാളുടെ കഥകൾ ആളുകൾ വായിക്കുകയും ചിന്തിക്കുകയും ചെയ്തിരുന്നു. ഒരു ദിവസം അയാളെക്കാണാൻ വന്ന തടിയനായ ഒരാളുടെ അടുത്ത് അയാൾ ഭക്ഷണത്തിന് പണം ചോദിക്കുയും ആർത്തിയോ തർക്കിക്കുകയും ചെയ്തു. അന്ന് രാത്രി ആ ചുരുണ്ട മുടിക്കാരനെ ചിലർ ചേർന്ന് മർദ്ദിക്കുകയും അയാളുടെ കഥകൾ തട്ടിയെടുക്കുകയും ചെയ്തു. അവർ അയാളുടെ പുസ്തകങ്ങൾ തീ ഇടുകയും അക്ഷരങ്ങൾ ഒളിഞ്ഞിരുന്ന വിരളുകൾ ചവിട്ടിപ്പൊട്ടിക്കകയും ചെയ്തു. ജീവിതം വഴിമുട്ടിയ അയാൾ നിലവിളിച്ചു ;ആരും കേൾക്കാനില്ലാത്ത കരച്ചിലിനൊടുവിൽ അയാൾ ചിരിക്കുകയും ആ മുറിയിലൂടെ അങ്ങിങ്ങ് ഓടി നടക്കുകയും ചെയ്തു. അങ്ങിനെ ഒരിക്കൽ അയാൾ തിരിച്ചുവരാനാവാത്ത വിധം പുറത്തേക്ക് ഓടുകയും, കാൺമാണ്ടാവുകയും ചെയ്തു.

4

പല തവണ അണിഞ്ഞൊരുങ്ങിയെങ്കിലും ആ മുറിയെ പിന്നീടാരും തേടി വന്നില്ല. അവസാനമായി അവളെ പ്രണയിച്ചത് അന്യ
സംസ്ഥാനക്കാരാണ്.ദിവസവാടകയ്ക്ക് നാലു തൊഴിലാളികൾ അവിടെ താമസമാക്കി.അവർ ഒരുമിച്ച് ജീവിക്കകയും അദ്ധ്വാനിക്കുകയും സമ്പാദിക്കുകയും ചെയ്തു പോന്നു. പ്രബുദ്ധ കേരളത്തിലെ പൂരിഭാഗം ആളുകളുടെ ഉടയാത്ത ഷർട്ടിനെയും ഞൊറിവ് ഉലയാത്ത മുണ്ടിനെയും അവർ നന്ദിയോടെ ഓർത്തു.അതിൽ ഒരു വന് ലോട്ടറി അടിക്കുകയും അതുമായി കൂടെയുള്ളവൻ നാടുവിടുകയും ചെയ്തു. അവിടെ സ്വാഭാവികമായ അടിപിടി നടക്കുകയും മുറി വീണ്ടും കാലിയാക്കപ്പെടുകയും ചെയ്തു. എല്ലാം വിജനം !!!

5

ഒടുക്കം ഇന്ന് കണ്ടത്തിൽ ലോഡ്ജ് പൊളിക്കപ്പെടുകയാണ്. ഒരു പാട് പേർ കാണികളായി നിൽക്കുന്നുമുണ്ട്.. അക്കൂട്ടത്തിലെ വിടയോ ആ വിഷാദിയുടെയും ; മരിച്ച വ്യദ്ധന്റെയും ; എഴുത്തുകാരന്റെ വിരൾ ചവിട്ടിപ്പൊട്ടിച്ച കൂലിത്തല്ലുകാരന്റെയും ; ലോട്ടറി ത്തല്ലിൽ ചോര

ചിന്നിച്ച മറുനാടൻ പണിക്കാരുടേയും ; ഏതോ തലമുറകളും നിൽപ്പുണ്ട്.

യന്ത്രത്തിന്റെ നീളൻ കൈകൾ പുറത്തേയ്ക്ക് വീഴും മുൻപേ ഡ്രൈവർ പറഞ്ഞു, " ആ പഴഞ്ചൻ ഫാൻ എടുത്തു വെച്ചോ . നല്ലൊന്നാന്തരം പുരാവസ്തുവാണ് ".

അതു കേട്ട പണിക്കാൻ മറുപടി പറഞ്ഞു, " വോ നഹി ഛോൽ ബേ"....

കാലങ്ങളായി മുറിയിലെ അന്തേവാസിയായി ; പല കാഴ്ചകൾ തരണം ചെയ്ത്; പലരും ചേർന്ന് കാറ്റിനായ് കറണ്ടടിപ്പിച്ച് മനോനില തകർന്ന എന്നെ ഒരു ദയാദാക്ഷണ്യമില്ലാതെ അവൻ ഇടിയാൻ തയ്യാറായി നിന്ന കോൺക്രീറ്റ് ഭിത്തിക്ക് താഴേക്ക് വലിച്ചെറിഞ്ഞു....